## സർക്കുലർ

നം. 91/3 /NSS/DHSE/2018 27/09/2018

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ **2018-19** ൽ അനുവദിച്ച സ്വാശ്രയ എൻഎസ്എസ് യൂണിറ്റിലെ പ്രിൻസിപ്പൽമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും ശിൽപശാല സംഘടിപ്പിക്കുന്നു. **പ്രിൻസിപ്പൽമാരും പ്രോഗ്രാം ഓഫീസർമാരും നിർബന്ധമായും ശിൽപശാലയിൽ പങ്കെടുക്കേണ്ടതാണ്.** പ്രിൻസിപ്പലിനും പ്രോഗ്രാം ഓഫീസറിനും പകരം അധ്യാപകരെയോ/അനധ്യാപകരെയോ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

യൂണിറ്റിന്റെ വിവിധ പ്രവർത്തനങ്ങൾ രേഖപ്പെടുത്താനുള്ള റെക്കോർഡ്സ്/രജിസ്റ്ററുകൾ (പ്രോജക്ട് രജിസ്റ്റർ, സ്പെഷ്യൽ ക്യാമ്പ് അറ്റൻഡൻസ്, റെഗുലർ ആക്ടിവിറ്റി അറ്റൻഡൻസ് രജിസ്റ്റർ, എൻറോൾമെന്റ് രജിസ്റ്റർ, വോളണ്ടിയർമാർക്കുള്ള ബാഡ്ജ്, ഡയറി ) എന്നിവയ്ക്കായി **3000 രൂപയും രജിസ്ട്രേഷൻ ഫീസായി 1200 രൂപയും** രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ് ( പ്രോഗ്രാം ഓഫീസർമാരുടെയും പ്രിൻസിപ്പൽമാരുടെയും ദ്വിദിന ശിൽപശാലയ്ക്കുമുള്ള തുക).

**പ്രിൻസിപ്പലും പ്രോഗ്രാം ഓഫീസറും** ശിൽപശാലയിൽ പങ്കെടുക്കാതിരുന്നാൽ എൻഎസ്എസ് യൂണിറ്റിന്റെ പ്രവർത്തനാനുമതി നിരസിക്കുന്നതാണ്.

**സ്വാശ്രയ എൻഎസ്എസ് യൂണിറ്റിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഫണ്ടായ 1500 രൂപ പ്രോഗ്രാം കോ ഓഡിനേറ്റർ, നാഷണൽ സർവ്വീസ് സ്കീം, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,തിരുവനന്തപുരം (എസ്ബിഐ സിറ്റി ബ്രാഞ്ചിൽ മാറ്റാവുന്ന രീതിയിൽ )ഡിഡി** ആയി ശിൽപശാലയിൽ പങ്കെടുക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

| തീയതി | രജിസ്ട്രേഷൻ | സ്ഥലം/വേദി |
| --- | --- | --- |
| 09/10/2018<br>2Pm<br>to<br>10/10/2018<br>1 pm | 09 /10/2018<br>2 Pm | ജീവാരാം ബദനി ആശ്രമം, മാവേലിക്കര, ആലപ്പുഴ<br>(മാവേലിക്കര - പുന്നമൂട് - ബദനി ആശ്രമം)<br>9020424119, 9447864219 |

**ഒന്നാം വർഷ വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

ഒന്നാം വർഷത്തിൽ (+1) പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കുമായി പൊതു ശിക്ഷണം (ജനറൽ ഓറിയന്റേഷൻ) നൽകണം.

- എൻഎസ്എസിന്റെ വിവിധ പ്രവർത്തനങ്ങൾ,
- എൻഎസ്എസ് എന്ന സംഘടനയുടെ വിദ്യാഭ്യാസത്തിലുള്ള പ്രസക്തി
- വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടം തുടങ്ങിയവ

1. ജനറൽ ഓറിയേന്റഷനു ശേഷം താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ മാതൃക നൽകേണ്ടതാണ്. **ജനറൽ ഓറിയന്റേഷൻ വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസർ ആണ് നിർവ്വഹിക്കേണ്ടത്. (ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്ങ് ലഭിച്ച അടുത്തുള്ള വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.)**
2. വിദ്യാർത്ഥികൾ രക്ഷകർത്താവിനോട് അനുവാദം വാങ്ങിയ ശേഷമേ പൂരിപ്പിച്ച അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുള്ളൂ.
3. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യ പരിഗണന നൽകണം.
4. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്/ക്ലാസ്സ്/ രക്ഷകർത്താവിന്റെ പേര് എന്നിവ എൻഎസ്എസ് നോട്ടീസ് ബോർഡിലും, വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.
5. ഓരോ യൂണിറ്റും/പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. യൂണിറ്റുതല ത്തിൽ വോളണ്ടിയർമാരെ തിരഞ്ഞെടുക്കുന്നതിന് ഉപയോഗിക്കുന്ന മാനദണ്ഡം യൂണിറ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന പ്രവർത്തനത്തിനുള്ള താൽപ്പര്യവും ആഭിമുഖ്യവും കണക്കിലെടുത്ത്

തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എൻറോൾമെന്റ് ചെയ്യുന്നതിന് തൊട്ടുമുൻപുള്ള 15 ദിവസത്തെ അവരുടെ പ്രവർത്തനം വിലയിരുത്തി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലായിരിക്കണം വോളണ്ടിയർമാരെ തെരഞ്ഞെടുക്കേണ്ടത്.

6. പ്രോഗ്രാം ഓഫീസർമാർ പ്രിൻസിപ്പൽ/മറ്റ് അധ്യാപകരുടെ സേവനം വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പിൽ ഉപയുക്തമാക്കാവുന്നതാണ്. എന്നാൽ തെരഞ്ഞെടുപ്പിന്റെ യൂണിറ്റ്തല ചുമതലയും/ഉത്തരവാദിത്വവും പൂർണ്ണമായും പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.
7. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായി, നീതിയുക്തമായി തെരഞ്ഞെടുപ്പ് നടത്തണം.
8. വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.
9. **സയൻസ്/കോമേഴ്സ്/ഹ്യുമാനിറ്റിക്സ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം.** (വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ എൻറോൾമെന്റ് ലിസ്റ്റ് വകുപ്പ് തലത്തിൽ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.)
10. SC/ST,OBC/Minority/Girls എന്നിവരെ എൻഎസ്എസിൽ ചേരുവാൻ പ്രോത്സാഹനം നൽകണം. സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകളിൽ എസ് സി/എസ്റ്റി വിദ്യാർത്ഥികളിൽ നിന്നും കഴിയുന്നതും ഫണ്ട് ഈടാക്കാത്ത രീതി യിൽ പിടിഎ ഫണ്ട്/സിഎസ്ആർ ഫണ്ട്/മറ്റു സർക്കാർ/പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.
11. എൻറോൾമെന്റ് പൂർത്തിയാകുന്നതിനു മുമ്പായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ **രക്ഷകർത്താക്കളുടെ മീറ്റീങ്ങ്** വിളിച്ച് എൻഎസ്എസ് പ്രവർത്തനങ്ങൾ വിവരിക്കണം. ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്റ്റിവിറ്റിയിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ എൻഎസ്എസ് സർട്ടിഫിക്കറ്റും ഗ്രേയ്സ് മാർക്കും ലഭിക്കുകയുള്ളൂവെന്നും, റെഗുലർ ആക്റ്റിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമൂഹ്യസേവനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നും അറിയിക്കേണ്ടതാണ്. അവരുടെ സഹായം വിവിധതലത്തിൽ ആവശ്യപ്പെടാം.
12. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി **വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും** അറിവ് നൽകണം.
13. തെരഞ്ഞെടുക്കപ്പെട്ട 50 വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. **വെയിറ്റിങ്ങ് ലിസ്റ്റ് പാടില്ല.**
14. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളണ്ടിയേഴ്സ് ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. തികച്ചും നേതൃത്വപാടവം ഉള്ളവരെ മാത്രമേ

ഇതിനായി പരിഗണിക്കാവൂ. അതോടൊപ്പം 5 സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും വേണം. യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കുന്ന രണ്ടു ലീഡർമാരെ ആണ് എൻഎസ്എസ് സെൽ നടത്തുന്ന ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. പകരം ആരെയും അനുവദിക്കുന്നതല്ല.

15. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്യുകയും വേണം.

16. സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്ക് പ്രവർത്തന ചെലവ് ഇപ്രകാരം കണ്ടെത്താം.

1. പിറ്റിഎ ഫണ്ട്

   OR

2. സിഎസ്ആർ ഫണ്ട് (Corporate Social Responsibility Fund)

   OR

3. പഞ്ചായത്ത്/മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവരുടെ സ്പോൺസർഷിപ്പ് തുടങ്ങിയവ

   OR

4. എൻഎസ്എസിൽ ചേരുന്ന വോളണ്ടിയർമാരിൽ നിന്നും ഒന്നാം വർഷം റെഗുലർ ആക്ടിവിറ്റിക്കായി 250 രൂപയും സ്പെഷ്യൽ ക്യാമ്പിനായി 450 രൂപയും വാങ്ങാവുന്നതാണ്. (ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ യൂണിറ്റ് റദ്ദാക്കുന്നതാണ്. )

**ഒപ്പ്**

പ്രോഗ്രാം കോഡിനേറ്റർ